**ദേശീയ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പുനരാരംഭിച്ചു**

ആലപ്പുഴ: മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന, കോവിഡ് - 19 ലോക്ക്ഡൗണിനെ തുടർന്ന് നിർത്തിവച്ച ഒന്നാം ഘട്ട ദേശീയ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പരിപാടി കേന്ദ്രസർക്കാർ മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശപ്രകാരം ജൂൺ 15 ന് പുനരാരംഭിച്ചു. മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ ഓരോ വീടുകളും സന്ദർശിച്ചാണ് വാക്സിനേഷൻ നടത്തുന്നത്. കോവിഡ്-19 പശ്ചാത്തലത്തിൽ ഹോട്ട്സ്പോട്ടുകൾ / കണ്ടെയ്ൻമെന്റ് സോണുകൾ എന്നിവ പൂർണമായും ഒഴിവാക്കിയാണ് വാക്സിനേഷൻ ആരംഭിക്കുന്നത്.

പശു, എരുമ എന്നിവയെ ആണ് വാക്സിനേഷന് വിധേയമാക്കുന്നത്. ഈ വാക്സിനേഷൻ തികച്ചും സൗജന്യമായിരിക്കും. കോവിഡ്-19 പ്രകാരമുള്ള കേന്ദ്ര - സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് വാക്സിനേഷൻ ആരംഭിക്കുന്നത്. അതിനാൽ വാക്സിനേറ്റേഴ്സിന് ആവശ്യമായ ഗ്ലൗസ്, ഫെയ്സ് മാസ്ക്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് വാക്സിനേഷൻ പുനരാരംഭിക്കുന്നത്. കർഷകർ ഈ സംരംഭം പ്രയോജനപ്പെടുത്തമെന്ന് മൃഗരോഗ നിയന്ത്രണ പദ്ധതി ജില്ല കോ ഓർഡിനേറ്റര് അറിയിച്ചു. ഫോൺ: 0477-2252636.

**ജനറൽ ആശുപത്രിയിൽ ഫ്രീസർ യൂണിറ്റിന്റെ ഉദ്ഘാടനം 18ന്**

ആലപ്പുഴ: ജനറൽ ആശുപത്രിയിൽ മൃതദേഹങ്ങൾ സൂക്ഷിക്കുവാനുള്ള ഫ്രീസർ യൂണിറ്റിന്റെ ഉദ്ഘാടനം ജൂൺ 18ന് രാവിലെ 10ന് ആശുപത്രി വികസന സമിതി അധ്യക്ഷനും മുനിസിപ്പൽ ചെയർമാനുമായ ഇല്ലിക്കൽ കുഞ്ഞുമോൻ നിർവ്വഹിക്കും. പഴയ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ഭാഗമായിരുന്ന മോർച്ചറി കെട്ടിടം ദീർഘകാലമായി ഉപയോഗയോഗ്യമല്ലാതെ കിടക്കുകയായിരുന്നു. ഈ കെട്ടിടം പുനരുദ്ധരിച്ച് ഒരേ സമയം നാല് മൃതദേഹങ്ങൾ സൂക്ഷിക്കുവാനുള്ള ഫ്രീസറുകൾ സജ്ജമാക്കിയിട്ടുണ്ട്. മൃതദേഹം

ഫ്രീസറിൽ സൂക്ഷിക്കുന്നതിന് പ്രതിദിനം 750 രൂപ വീതമാണ് വാടക.

**മരങ്ങളുടെ ലേലം 29ന്**

ആലപ്പുഴ: ഇന്ത്യൻ കോസ്റ്റ് ഗാർഡിന് സ്റ്റാറ്റിറ്റിക് സെൻസർ സ്ഥാപിക്കുന്നതിന് അമ്പലപ്പുഴ താലൂക്കിലെ ആലപ്പുഴ പടിഞ്ഞാറ് വില്ലേജിലെ ബ്ലോക്ക് നമ്പർ 121 റീസർവ്വെ നമ്പർ 2ൽ പ്പെട്ട 17.78 ആർസ് ഭൂമിയിലെ 34 മരങ്ങൾ ജൂൺ 29ന് രാവിലെ 11ന് ആലപ്പുഴ പടിഞ്ഞാറ് വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ലേലം സർക്കാർ നടപടികൾക്ക് വിധേയമായിരിക്കും. ലേലം സ്ഥിരീകരിക്കുന്നതിനും സ്ഥിരീകരിക്കാതിരിക്കുന്നതിനുമുള്ള അവകാശം അമ്പലപ്പുഴ തഹസിൽദാരിൽ നിക്ഷിപതമായിരിക്കും.